റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ തൊഴിലില്ലായ്മാ വേതനം ലഭിച്ചവർ

305. [381] ശ്രീമതി റെയ്ച്ചൽസണ്ണി പനവേലി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റാന്നി നിയോജക മണ്ഡലത്തിൽപ്പെട്ട റാന്നി, അങ്ങാടി, പഴവങ്ങാടി, വടശ്ശേരിക്കര, ചിറ്റാർ, സീതത്തോട്, പെരുനാട്, നാറാണംമൂഴി, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ 1980-81, 1981-82, 1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തികവർഷങ്ങളിൽ ഓരോ പഞ്ചായത്തുകളിലും എത്ര പേർക്കു വീതം തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടുണ്ട് ?

ഉത്തരം

തൊഴിലില്ലായ്മാവേതനം ലഭിച്ചവരുടെ പഞ്ചായത്തുതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

തൃത്താല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ തൊഴിലില്ലായ്മ വേതനം ലഭിച്ചവർ

306. [382] ശ്രീ. കെ.കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982 മുതൽ 1986 വരെ തൃത്താല നിയോജകമണ്ഡലത്തിലെ തൃത്താല, ആനക്കര, പട്ടിത്തറ, വാലിശ്ശേരി, തിരുവേഗപ്പുറ, തിരുമറ്റക്കോട്, കപ്പൂർ, നാഗലശ്ശേരി എന്നീ പഞ്ചായത്തുകളിൽ തൊഴിലില്ലായ്മാ വേതനം എത്ര പേർക്കു വീതം നൽകിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തൊഴിലില്ലായ്മാ വേതനം ലഭിച്ചവരുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഇതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും അനന്തര നടപടികളും കൈക്കൊള്ളുന്നതും വില്ലേജടിസ്ഥാനത്തിലാണ്.

കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക

307. [384] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് ;

(സി) കുടിശ്ശിക കൊടുത്തുതീർക്കാൻ എന്തു തുക വേണ്ടിവരും ?

ഉത്തരം

(എ) ഇല്ല.

(ബി) ആൻറ് സി) ചോദ്യം ഉദിക്കുന്നില്ല.

റാന്നി നിയോജകമണ്ഡലത്തിൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവർ

308. [385] ശ്രീമതി റെയ്ച്ചൽസണ്ണി പനവേലി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽപ്പെട്ട അങ്ങാടി, പഴവങ്ങാടി, റാന്നി, ചിറ്റാർ, സീതത്തോട്, വടശ്ശേരിക്കര, പെരുനാട്, നാറാണംമൂഴി, വെച്ചൂച്ചിറ എന്നീ പഞ്ചായത്തുകളിൽ 1980-81, 1981-82 1982-83, 1083-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ ഓരോ പഞ്ചായത്തിലും എത്രപേർക്ക് വീതം കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1982 മുതൽ പുതുക്കിയ പദ്ധതിപ്രകാരം പഞ്ചായത്ത് അടിസ്ഥാനത്തിനു പകരം പെൻഷൻ നല്കിവരുന്നത് വില്ലേജ് അടിസ്ഥാനത്തിലാണ്. വില്ലേജ് ക്രമത്തിൽ റാന്നി നിയോജകമണ്ഡലത്തിൽ 1982 മുതൽ 30-9-1986 വരെ പുതുക്കിയ പദ്ധതിപ്രകാരം പെൻഷൻ വിതരണം ചെയ്യപ്പെട്ടവരുടെ എണ്ണം താഴെക്കൊടുക്കുന്നു.

അങ്ങാടി	78
പഴവങ്ങാടി	174
റാന്നി	75
ചിറ്റാർ	
സീതത്തോട്	53
വടശ്ശേരിക്കര	147
പെരുനാട്	182
ചേതക്കൽ	257
കൊച്ചുമുള	6
ചെറുകോൽ	172
ആയൂർ	128

എടക്കാട് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവർ

309. [386] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1980 മുതൽ 1986 വരെയുള്ള വർഷങ്ങളിൽ, എടക്കാട് മുഴുപ്പിലങ്ങാട്, കടംപൂർ പെരളശ്ശേരി, ചെമ്പിലോട്, മുണ്ടേരി, അഞ്ചരക്കണ്ടി എന്നീ പഞ്ചായത്തുകളിൽ എത്രപേർക്കു വീതം കർഷക തൊഴിലാളി പെൻഷൻ നൽകി എന്നു വ്യക്തമാക്കാമോ ?

ഉത്തരം

അനുബന്ധമായി കൊടുത്തിട്ടുണ്ട്
അനുബന്ധമായി ചേർത്തിരിക്കുന്നു †

തൃത്താല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവർ

310. [387] ശ്രീ. കെ. കെ ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982 മുതൽ 1986 വരെ തൃത്താല നിയോജകമണ്ഡലത്തിലെ തൃത്താല, ആനക്കര, പാലിശ്ശേരി, പട്ടിത്തറ, തിരുവേഗപ്പുറ, തിരുമുറ്റക്കോട്, കപ്പൂർ, നാഗലശ്ശേരി എന്നീ പഞ്ചായത്തുകളിൽ കർഷക തൊഴിലാളി പെൻഷൻ എത്രപേർക്ക് നല്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

തൃത്താല	235
ആനക്കര	265
പാലിശ്ശേരി	67
പട്ടിത്തറ	250

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly